# പതിനാലാം കേരള നിയമസഭ
## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 633** — **29/01/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്കിന്റെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ. എൻ. ജയരാജ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പദ്ധതികൾ 01/01/2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും ട്രഷറിനിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ച വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച് നബാർഡ് ഉന്നയിച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും ആയത് നടപ്പിൽ വരുത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ; | (ബി) | നബാർഡ് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.<br>1) വായ്പേതര സഹകരണ സംഘങ്ങൾക്കും സംസ്ഥാന സഹകരണ ബാങ്ക് ഭരണസമിതിയിൽ പ്രാതിനിധ്യം നൽകണം.<br>2) ജില്ലാ ബാങ്കുകളുടെ സംസ്ഥാന സഹകരണ ബാങ്കുമായുള്ള ലയനത്തിൽ താല്പര്യമില്ലാത്ത അംഗസംഘങ്ങൾക്ക് ഒരു നിശ്ചിത കാലാവധിക്കകം ജില്ലാ ബാങ്കുകളിൽ അവരുടെ പേരിലുള്ള ഓഹരി പിൻവലിക്കാൻ അവസരം നൽകണം. ഓഹരി മൂല്യം കണക്കാക്കേണ്ടത് മുഖവിലയിലല്ല, ബുക്ക വാല്യുവിലാണ്.<br>3) ജില്ലാ ബാങ്കുകളുടെ അറ്റമൂല്യം കണക്കാക്കി അംഗങ്ങളുടെ ഓഹരി മൂല്യം പുനർനിർണ്ണയിച്ച് കേരള ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യണം.<br>മേൽ വ്യവസ്ഥകളിൽ ഓഹരി പിൻവലിക്കാനുള്ള വ്യവസ്ഥ ഒഴികെയുള്ളവ നിലവിലെ കേരള സഹകരണ നിയമം അനുശാസിക്കും പ്രകാരമുള്ളതല്ല എന്ന വിവരം നബാർഡിനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. |
| (സി) | സഹകരണ ബാങ്കുകളെ കേരള ബാങ്കാക്കി മാറ്റുമ്പോൾ സഹകരണ-കാർഷികമേഖലയിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (സി) | ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചാണ് കേരള ബാങ്ക് രൂപീകരിക്കുന്നത്. ഇതുമൂലം സഹകരണ കാർഷിക മേഖലയിൽ പ്രശ്നങ്ങൾ ഉണ്ടാവുകയില്ല. ടി മേഖലയിൽ പുത്തൻ ഉണർവ്വ് ഉണ്ടാകുന്ന രീതിയിലാണ് കേരള ബാങ്കിന്റെ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ